2025 ജനുവരി 01 ബുധൻ

www.peoplesreview.co.in

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

വായനക്കാർക്ക് പീപ്പിൾസ് റിവ്യൂവിന്റെ പുതുവത്സരാശംസകൾ

2025

പീപ്പിൾസ് റിവ്യൂ 17ാം വാർഷികാഘോഷവും സാഹിത്യ പുരസ്കാര സമർപ്പണവും

സമൂഹത്തിലെ കറുത്ത പാടുകളെ മാറ്റാൻ മൃദു തലോടലുള്ള ആദർശ നിഷ്ഠ പത്രപ്രവർത്തനം അനിവാര്യം; പി.പി. ശ്രീധരനുണ്ണി

കോഴിക്കോട്: എളിയ നിലയിൽ തുടങ്ങി കഴിഞ്ഞ 17 വർഷക്കാലമായി ധന്യമായി മുന്നോട്ട് പോകുന്ന സ്ഥാപനമാണ് പീപ്പിൾസ് റിവ്യൂയെന്ന് പ്രശസ്ത കവി പിപി ശ്രീധരനുണ്ണി പറഞ്ഞു. പീപ്പിൾസ് റിവ്യൂ 17ാം വാർഷികാഘോഷവും സാഹിത്യ പുരസ്കാര സമർപ്പണവും നിർവഹിച്ച് സംസാരിക്കുകയായിരുന്ന അദ്ദേഹം.

വലിയ മാധ്യമമെന്ന വാക്ക് ഇവിടെ ഞാൻ പറയുന്നില്ല. എന്നാൽ പീപ്പിൾസ് റിവ്യൂ വലിയ തലത്തിൽ വാർത്താരംഗത്ത് ഇടപെട്ട് കൊണ്ടിരിക്കുകയാണ്. പത്ര പ്രവർത്തനം, പ്രസാധനം, ഓൺലൈൻ എഡിഷൻ, യു ട്യൂബ്, നവാഗതരായ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കൽ ഉൾപ്പെടെ പുതിയ കാലത്തിനിണങ്ങിയ രൂപത്തിലാണ് പീപ്പിൾസ് റിവ്യൂ മുന്നോട്ട് പോകുന്നത്. പീപ്പിൾസ് റിവ്യൂ എന്നത് ജനങ്ങളെ വിലയിരുത്തുകയും വിമർശിക്കുകയും ചെയ്യുന്ന മാധ്യമമാണ്. വൻകിട-കുത്തക പത്രങ്ങൾ, പാർട്ടി പത്രങ്ങൾ, നിക്ഷിപ്ത താൽപ്പര്യമുള്ള പത്രങ്ങൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവയുടെ ഇടക്ക് ഇതുപോലുള്ള ഒരു മാധ്യമ സ്ഥാപനം നടത്തിക്കൊണ്ട് പോകുക എളുപ്പമല്ല. ക്ഷിപ്രസാധ്യമായ കാര്യമായത്കൊണ്ടാണ് എനിക്ക് പീപ്പിൾസ് റിവ്യൂവിനോട് ചേർന്ന് നിൽക്കാൻ കൗതുകം.

പുതിയ കാലഘട്ടം കറുത്ത പാടുകൾ ഉള്ളതാണ്. കറുത്ത പാടുകളെ സാധാരണ ക്ലോറിൻ വെള്ളംകൊണ്ട് കറ മാറ്റാനാവില്ല. അതിന് ആദർശ നിഷ്ഠ പത്രപ്രവർത്തനം വേണം. കൂരമ്പല്ല മൃദുവായ തലോടൽ കൊണ്ട് സമൂഹത്തിലെ കറുത്ത പാടുകളെ ശുദ്ധീകരിക്കാനാവണം.എന്നെ കണ്ടാൽ കിണ്ണം കട്ടവനെപോലുള്ള തോന്നലില്ലാതെ, കിട്ടുന്ന കിണ്ണം എല്ലാവർക്കും വിതരണം ചെയ്യുന്നത് വലിയ ധർമ്മമാണ്.പത്ര ധർമ്മം വഴിതെറ്റിപ്പോകുന്ന കാലത്ത് തിരുത്തൽ ശക്തിയായി കാലാതിവർത്തിയായി നിലനിൽക്കാൻ പീപ്പിൾസ് റിവ്യൂവിനാവട്ടെ എന്നദ്ദേഹം പറഞ്ഞു.പീപ്പിൾസ് റിവ്യൂ സാഹിത്യ പുരസ്കാരം ലക്ഷ്മി വാകയാട്, ഉസ്മാൻ ചാത്തംചിറ എന്നിവർക്ക് സമർപ്പിച്ചു. ചീഫ് എഡിറ്റർ പി.ടി നിസാർ അധ്യക്ഷത വഹിച്ചു. പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ചെമ്പോളി ശ്രീനിവാസൻ രചിച്ച 'നാടകത്രയം' പുസ്തക പ്രകാശനം വിൽസൺ സാമുവൽ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് (നന്മ), പ്രമുഖ നാടക പ്രവർത്തകൻ ബാബു പറശ്ശേരിക്ക് നൽകി നിർവ്വഹിച്ചു.

പീപ്പിൾസ് റിവ്യൂ 17ാം വാർഷികാഘോഷവും സാഹിത്യ പുരസ്കാര സമർപ്പണവും പിപി രാമനുണ്ണി ഉദ്ഘാടനം ചെയ്യുന്നു

പീപ്പിൾസ് റിവ്യൂ സ്പെഷ്യൽ സപ്ലിമെന്റ് പ്രകാശനം കാലിക്കറ്റ് ബുക്ക് ക്ലബ്ബ് സെക്രട്ടറി ഡോ. എൻ.എം.സണ്ണി മാക് ബിൽഡേഴ്സ് മാനേജിംഗ് ഡയറക്ടർ കെ.മുസ്തഫക്ക് നൽകി പ്രകാശനം ചെയ്തു. ആർ. ജയന്ത്കുമാർ, രാമദാസ് വേങ്ങേരി, കെ.എഫ് ജോർജ്ജ് എന്നിവർ ആശംസകൾ നേർന്നു.ഉസ്മാൻ ചാത്തംചിറ, ലക്ഷ്മി വാകയാട്, ചെമ്പോളി ശ്രീനിവാസൻ എന്നിവർ മറുമൊഴി നടത്തി. പീപ്പിൾസ് റിവ്യൂ ജനറൽ മനേജർ പി.കെ.ജയചന്ദ്രൻ സ്വാഗതവും മഹിളാ വീഥി മാഗസിൻ എഡിറ്റർ എ. കെ.അനീസ നന്ദിയും പറഞ്ഞു.

കലൂർ സ്റ്റേഡിയം അപകടം: നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർക്ക് സസ്പെൻഷൻ

കൊച്ചി: കലൂർ സ്റ്റേഡിയത്തിൽ നൃത്തപരിപാടിക്കിടെ അപകടമുണ്ടായതിൽ നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർക്ക് സസ്പെൻഷൻ. കലൂർ ഹെൽത്ത് സർക്കിളിലെ എം.എൻ നിതയെ ആണ് സസ്പെൻഡ് ചെയ്തത്. അപകടത്തിൽ കോർപ്പറേഷന് വീഴ്ചയുണ്ടായ വാർത്ത മീഡിയവൺ ആണ് റിപ്പോർട്ട് ചെയ്തത്.

പണം സ്വീകരിച്ച് പെരുതുസ്ഥലങ്ങളിൽ പരിപാടി നടത്തുന്നതിന് ഹെൽത്ത് വിഭാഗത്തിൽനിന്ന് ലഭിക്കുന്നതാണ് പിപിആർ ലൈസൻസ്. പണം സ്വീകരിക്കാതെയാണ് കലൂരിലെ പരിപാടി നടത്തുന്നത് എന്ന് പറഞ്ഞതുകൊണ്ടാണ് പിപിആർ ലൈസൻസിനുള്ള അപേക്ഷ നിരസിച്ചതെന്നാണ് ഹെൽത്ത് വിഭാഗം സെക്രട്ടറിക്ക് എച്ച് ഐ വിശദീകരണം നൽകിയത്. സാമ്പത്തിക വരുമാനം ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിച്ചത് എന്നാണ് ഇപ്പോൾ വരുന്ന റിപ്പോർട്ട്. സംഭവസ്ഥലത്ത് പോയി കാര്യങ്ങൾ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തിയതിനാണ് ഹെൽത്ത് ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്തതെന്ന് മേയർ വ്യക്തമാക്കി. റവന്യൂ, ഹെൽത്ത്, എഞ്ചിനീയറിങ് വിഭാഗങ്ങൾക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മേയർ പറഞ്ഞു.

മുണ്ടക്കൈ പുനരധിവാസം

ടൗൺഷിപ്പ് നിർമാണ ചുമതല ഊരാളുങ്കലിന്

തിരുവനന്തപുരം: മുണ്ടക്കൈ പുനരധിവാസത്തിന്റെ ഭാഗമായുള്ള ടൗൺഷിപ്പ് പദ്ധതിയുടെ നിർമാണ ചുമതല ഊരാളുങ്കൽ സൊസൈറ്റിക്ക്. കിഫ്ബിയുടെ കൺസൾട്ടൻസിയായ കിഫ്കോൺ ആണു നിർമാണപ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക. രണ്ട് ടൗൺഷിപ്പുകളിലായി 1,000 സ്ക്വയർ ഫീറ്റുള്ള വീടുകളാണു നിർമിക്കുന്നത്. ഇതിനായി ആകെ 750 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. വയനാട് പുനരധിവാസ പദ്ധതിക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്.

നേരത്തെ, ടൗൺഷിപ്പിനായി സർക്കാരിനു ഭൂമി ഏറ്റെടുക്കാമെന്ന് ഹൈക്കോടതി അറിയിച്ചിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനെതിരെ എസ്റ്റേറ്റ് ഉടമകളായ എൽസ്റ്റൺ, ഹാരിസൺസും സമർപ്പിച്ച ഹരജി തള്ളിയായിരുന്നു കോടതി വിധി. ഭൂമി ഏറ്റെടുക്കുമ്പോൾ എസ്റ്റേറ്റ് ഉടമകൾക്ക് നഷ്ടപരിഹാരം നൽകണമെന്നും ഭൂമി അളന്ന് തിട്ടപ്പെടുത്താൻ സർക്കാരിന് എസ്റ്റേറ്റുകൾ സൗകര്യം നൽകണമെന്നും ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിട്ടിരുന്നു.

മലയാളി സൈനികൻ വിഷ്ണുവിനെ കണ്ടെത്തിയത് എടിഎം ഇടപാടിന്റെ വിവരങ്ങൾ ലഭിച്ചതിലൂടെ

കോഴിക്കോട്: നാട്ടിലേക്കുള്ള യാത്രയിൽ കാണാതായ മലയാളി സൈനികൻ വിഷ്ണുവിനെ കണ്ടെത്തുന്നതിന് നിർണായകമായത് എടിഎം ഇടപാടെന്ന് പൊലീസ്. എടിഎം ഇടപാടിന്റെ വിവരങ്ങൾ ലഭിച്ചതിലൂടെയാണ് വിഷ്ണുവിനെ കണ്ടെത്തിയതെന്ന് എസ് എച്ച് ഒ അജീഷ് കുമാർ പറഞ്ഞു. ഇന്നലെ ശമ്പളം വന്നതിന് പിന്നാലെ ബംഗളൂരുവിലെ എടിഎമ്മിൽ നിന്ന് വിഷ്ണു പണം പിൻവലിച്ചു. ഇത് നിർണായകമായി. വിഷ്ണുവിനെ കണ്ടെത്താൻ ഒരുപാട് ബുദ്ധിമുട്ടിയെന്നും ആയിരത്തിലധികം സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചെന്നും പൊലീസ് പറഞ്ഞു. സാമ്പത്തിക ബുദ്ധിമുട്ട് തന്നെയാണ് വിഷ്ണു മാറി നിൽക്കാൻ കാരണമെന്ന് പൊലീസ് കൂട്ടിച്ചേർത്തു.

ഇന്നലെ രാത്രി ബെംഗളൂരുവിൽ നിന്നാണ് വിഷ്ണുവിനെ എലത്തൂർ പൊലീസ് കണ്ടെത്തിയത്. ഇന്ന് രാവിലെയോടെ വിഷ്ണുവിനെ നാട്ടിൽ തിരികെ എത്തിച്ചു. സാമ്പത്തിക പ്രയാസം മൂലം നാട്ടിൽ നിന്നും മാറി നിന്നതാണെന്നു വിഷ്ണു പൊലീസിന് മൊഴി നൽകി. മുംബൈയിലും ബംഗളുരുവിലും ഒറ്റക്കായിരുന്നു താമസിച്ചത്. നാട്ടിൽ തിരിച്ചെത്തിയതിൽ സന്തോഷമുണ്ട്. നാട്ടിൽ നടന്നിരുന്ന കാര്യങ്ങൾ അറിഞ്ഞിരുന്നില്ലെന്നും പൊലീസിനെ ഉൾപ്പെടെ ബുദ്ധിമുട്ടിച്ചതിൽ പ്രയാസമുണ്ടെന്നും വിഷ്ണു പറഞ്ഞു.

കഴിഞ്ഞ മാസം 17നാണ് പൂനെ ആർമി സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും അവധിക്ക് നാട്ടിലേക്ക് തിരിച്ച വിഷ്ണുവിനെ കാണാതായത്. കോഴിക്കോട് എരഞ്ഞിക്കൽ കണ്ടംകുളങ്ങര ചെറിയകാരംവള്ളി സുരേഷിന്റെ മകനായ വിഷ്ണുവിനെ കാണാനില്ലെന്ന് കാണിച്ച് ബന്ധുക്കളാണ് പൊലീസിൽ പരാതി നൽകിയത്. വിഷ്ണുവിന്റെ ചില സുഹൃത്തുക്കളിൽ നിന്നും കിട്ടിയ വിവരത്തെ തുടർന്നാണ് പൊലീസ് ബെംഗളുരുവിൽ എത്തിയത്. എലത്തൂർ എസ്ഐയുടെ നേതൃത്വത്തിലുള്ള നാലംഗ പൊലീസ് സംഘത്തിന്റെ അന്വേഷണത്തിനൊടുവിലാണ് വിഷ്ണുവിനെ കണ്ടെത്തിയത്.

ഉമ തോമസ് പ്രതികരിച്ചു; ആരോഗ്യനിലയിൽ പുരോഗതിയെന്ന് ഡോക്ടർമാർ

ബംഗളൂരു: കൊച്ചിയിലെ ഗിന്നസ് പരിപാടിക്കിടെ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ഉമ തോമസ് എംഎൽഎയുടെ ആരോഗ്യനിലയിൽ മികച്ച പുരോഗതി. ശരീരം ചലിപ്പിച്ചെന്നും ചുണ്ടുകൾ അനക്കി പുതുവത്സരാശംസ നേർന്നെന്നും ഡോക്ടർമാർ. എന്നാൽ വെൻറിലേറ്റർ സൗകര്യം തുടരാനാണ് നിലവിൽ തീരുമാനം.

പുതുവർഷത്തിൽ ഉമ തോമസിൻറെ ആരോഗ്യസ്ഥിതിയെക്കുറിച്ച് തികച്ചും ശുഭകരമായ വാർത്തകളാണ് രാവിലെ മുതൽ പുറത്തുവന്നത്. ആരോഗ്യനിലയിൽ പുരോഗതി എന്ന ഫേസ്ബുക്ക് പോസ്റ്റ് പ്രതീക്ഷയും ആശ്വാസവും നൽകുന്നതായിരുന്നു. എംഎൽഎയുടെ അഡ്മിൻ ടീമംഗങ്ങളാണ് പോസ്റ്റ് ഇട്ടത്. ശരീരം മുഴുവൻ ചലിപ്പിച്ചുവെന്നും പ്രാർത്ഥനകൾ തുടരണമെന്നും പോസ്റ്റ്. മെഡിക്കൽ ബോർഡ് യോഗത്തിന് ശേഷം ഡോക്ടർമാർ ഇത് സ്ഥിരീകരിച്ചു. ഏവർക്കും ഉമ തോമസ് നേർത്ത ശബ്ദത്തിൽ ഹാപ്പി ന്യൂ ഇയർ പറഞ്ഞുവെന്ന് ഡോക്ടർ മാധ്യമങ്ങളോട് പറഞ്ഞു. ഇന്നലേത്തേതിനേക്കാൾ ആരോഗ്യനിലമെച്ചപ്പെട്ടു. എന്നാൽ വെൻറിലേറ്റർ സൗകര്യം കുറച്ചു ദിവസങ്ങൾ കൂടി തുടരും.

തലയിലെ മുറിവ് ഭേദപ്പെട്ട് വരുന്നു. ആളുകളെ എംഎൽഎ തിരിച്ചറിയുന്നുണ്ടെന്നും ഡോക്ടർമാർ. ശരീരത്തിന് വേദനയുണ്ട്, അത് സ്വാഭാവികമാണ്. പുറത്തു വരുന്ന സൂചനകൾ എല്ലാം പോസിറ്റീവാണെന്നും അപകടമുണ്ടാക്കിയ വീഴ്ചയുടെ കാര്യം ഉമ തോമസിന് ഓർമ്മയില്ല എന്നും ഡോക്ടർമാർ പറഞ്ഞു.

അതേസമയം, അപകടവുമായി ബന്ധപ്പെട്ട് എടുത്ത കേസിൽ മൃദംഗവിഷൻ എംഡി അടക്കം അഞ്ച് പേരെ പ്രതി ചേർത്തിട്ടുണ്ട്. ഇന്നലെ അറസ്റ്റിലായ മൂന്ന് പേർക്ക് കോടതി ഇടക്കാല ജാമ്യം അനുവദിച്ചു.

മുൻകൂർ ജാമ്യപേക്ഷയുമായി ഹൈക്കോടതിയെ സമീപിച്ച മൃദംഗ വിഷൻ എംഡി നിഗോഷ് കുമാർ, ഓസ്കാർ ഇവന്റ് ചുമതലക്കാരൻ ജിനേഷ് കുമാർ എന്നിവരോട് വ്യാഴാഴ്ച അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരാകാൻ കോടതി നിർദേശിച്ചു.

നാട് സുന്ദരമാക്കാൻ
കൂടെ നിൽക്കാം
മാലിന്യം
വലിച്ചെറിയാതിരിക്കാം

വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിൻ വാരം
2025 ജനുവരി 01 - 07

സംസ്ഥാനതല ഉദ്ഘാടനം
ജനുവരി 01, രാവിലെ 11.30ന്
അയ്യങ്കാളി ഹാൾ, പാളയം, തിരുവനന്തപുരം
വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിൻ സന്ദേശം
ശ്രീ. എം.ബി രാജേഷ്
ബഹു. തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി

ക്യാമറ നിരീക്ഷണം ശക്തമാക്കും
പിഴ ഉൾപ്പെടെയുള്ള നിയമ നടപടികൾ
വാർഡ് അടിസ്ഥാനത്തിൽ മാലിന്യങ്ങൾ കൂടുതലായി വലിച്ചെറിയപ്പെടുന്ന സ്ഥലങ്ങൾ കണ്ടെത്തി മാപ്പ് ചെയ്യൽ. ശുചീകരണ പരിപാടികൾ
നിരീക്ഷണത്തിനും ബോധവൽക്കരണത്തിനും ജനകീയ സമിതികൾ
ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഗൃഹ സന്ദർശനം
വ്യാപാരസ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും വേസ്റ്റ് ബിന്നുകൾ ഉറപ്പാക്കൽ
വിദ്യാലയങ്ങൾ, കലാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വലിച്ചെറിയൽ വിരുദ്ധ - ശുചീകരണ പ്രവർത്തനങ്ങൾ

പുതുവർഷം, പുതിയ മാറ്റം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് കേരള സർക്കാർ
LSGD തദ്ദേശ സ്വയംഭരണ വകുപ്പ്
മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ
ശുചിത്വ മിഷൻ

സൂപ്പർമാർക്കറ്റിൽ മോഷണം; മൂന്നുപേർ പിടിയിൽ

കോഴിക്കോട് നടക്കാവിലെ സൂപ്പർമാർക്കറ്റിൽ മോഷണം നടത്തിയ മുൻ ജീവനക്കാരനടക്കം മൂന്നുപേർ പിടിയിൽ. കടയിലെ സി സി ടിവി ദൃശ്യങ്ങളാണ് പ്രതികളെ കുടുക്കിയത്.

ഇരുപത്തിയൊന്നാം തിയതി പുലർച്ചെ മൂന്നരക്കും നാലിനും ഇടയിലായിരുന്നു മോഷണം. കാഷ് കൗണ്ടർ പൊളിച്ച സംഘം മേശയിലുണ്ടായിരുന്ന 25000 രൂപ കവരുകയായിരുന്നു. കുണ്ടായിത്തോട് സ്വദേശി മൊഹമ്മദ് അഫ്ല , ചാലിയം സ്വദേശി വിശ്വജിത്ത്, ലക്ഷദ്വീപുകാരനായ മുഹമ്മദ് റാസി എന്നിവരാണ് അറസ്റ്റിലായത്. ഇതിൽ മുഹമ്മദ് റാസി ഇവിടെ ഒന്നരവർഷംമുൻപ് ജോലി ചെയ്തിട്ടുണ്ട്. ഇയാൾ തന്നെയാണ് മോഷണത്തിൻറെ മുഖ്യ സൂത്രധാരനും. തിരൂർ സ്റ്റേഷനിലും ഇവർക്കെതിരെ കേസുകളുണ്ട്.

മോഷ്ടിച്ച് കിട്ടുന്ന പണം ഉപയോഗിച്ച് ആഡംബര ജീവിതം നയിക്കുകയായിരുന്നു പ്രതികളുടെ രീതി. സൂപ്പർമാർക്കറ്റിനുള്ളിലെ സി സി ടിവി ദൃശ്യങ്ങളാണ് പ്രതികളെ കുടുക്കാൻ സഹായിച്ചത്. ഇവരെ സൂപ്പർ മാർക്കറ്റിലെത്തിച്ച് തെളിവെടുത്തു.

'ചീറ്റ' ടീം ഇന്നുമുതൽ

കോഴിക്കോട് : അഴക് പദ്ധതിയുടെ ഭാഗമായി മാലിന്യം വലിച്ചെറിയുന്നത് തടയാൻ പുതിയ പദ്ധതിയുമായി കോഴിക്കോട് കോർപ്പറേഷൻ. കോർപ്പറേഷൻ ഹെൽത്ത് ആൻഡ് എൻവയൺമെന്റ് എൻഫോഴ്സ്മെന്റ് ടീം ഇൻ ആക്ഷൻ (ചീറ്റ) ടീമിന്റെ മൂന്ന് സംഘങ്ങൾ ജനുവരി ഒന്നുമുതൽ കോർപ്പറേഷന്റെ വിവിധ ഭാഗങ്ങളിൽ പരിശോധന നടത്തും.പരിശോധന നടത്തുന്ന പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയപ്പെട്ടിട്ടുണ്ടെങ്കിൽ 'ചീറ്റ' ടീം തത്സമയംതന്നെ അത് ശുചീകരിക്കും. മാലിന്യംതള്ളുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരേ 5,000 രൂപ വരെ പിഴ ഈടാക്കും.പാതയോരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പംതന്നെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ കൃത്യമായി പരിപാലിക്കപ്പെടാത്ത സ്ഥാപനങ്ങളിൽ സംഘം പരിശോധന നടത്തും.ഒരു സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ, സാനിറ്റേഷൻ വർക്കർ എന്നിവർ ഉൾപ്പെടുന്നതാണ് 'ചീറ്റ' ടീം. മാർച്ച് 30-നുള്ളിൽ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള തീവ്ര യത്നപരിപാടി സംസ്ഥാനസർക്കാർ നടപ്പാക്കുന്ന സമയത്താണ് ഈ നീക്കം.

പുതുവർഷം: കടപ്പുറത്തേക്കൊഴുകി ജനം

കോഴിക്കോട് : പുതുവർഷാഘോഷത്തിന് കോഴിക്കോട് കടപ്പുറത്തെ ആരവത്തിലേക്ക് അണമുറിയാതെ ആൾക്കൂട്ടം ഒഴുകിയെത്തി. ഡി.ജെ. പാർട്ടികളും സംഗീതവിരുന്നുകളുമായി നഗരത്തിലെ ഹോട്ടലുകളും ആഘോഷം കളറാക്കി. എല്ലായിടങ്ങളും ആഘോഷങ്ങൾകൊണ്ട് നിറഞ്ഞതോടെ കോഴിക്കോട് ഉറങ്ങിയതേയില്ല. ഇത്തവണ പുതുവത്സരാഘോഷം പതിവിലേറെ പകിട്ടണിഞ്ഞു. ബേപ്പൂർ ഫെസ്റ്റിന്റെകൂടെ ഭാഗമായി മാനാഞ്ചിറ നിറങ്ങളിൽ അണിഞ്ഞൊരുങ്ങിയപ്പോൾ കുടുംബമൊത്ത് ആളുകൾ ആഘോഷിക്കാൻ അവിടേക്കാണെത്തിയത്. ബീച്ചിലേതുപോലെ ബഹളങ്ങളും തിക്കും തിരക്കുമില്ലാത്തതുകൊണ്ട് സ്ത്രീകളും കൊച്ചുകുട്ടികളുമടക്കം മൈതാനത്തിലേക്കെത്തി. മൈതാനത്തിന്റെ ഓരോകോണുകളിലും പലതരത്തിലുള്ള അലങ്കാരരൂപങ്ങളുണ്ടായിരുന്നു. അതുകൊണ്ട് ഓരോ ഇടവും സെൽഫിസ്പോട്ടുകളായി. വൈകുന്നേരംമുതൽ മാനാഞ്ചിറയിൽ ആളുകൾ എത്തിത്തുടങ്ങിയിരുന്നു. രാത്രി ഒൻപതുമണിയോടെത്തന്നെ തിങ്ങിനിറഞ്ഞു. ഒരുമണിയോടെയാണ് ആഘോഷവുംകഴിഞ്ഞ് ആളുകൾ മടങ്ങിയത്. പോലീസ് ഗതാഗതനിയന്ത്രണം ഏർപ്പെടുത്തിയിരുന്നെങ്കിലും ബീച്ചിലേക്കുള്ള റോഡുകളെല്ലാം വാഹനത്തിരക്കിൽ വീർപ്പുമുട്ടി. വൈകുന്നേരംമുതൽ തുടങ്ങിയ ഒഴുക്ക് രാത്രിയും തുടർന്നു. ആരവങ്ങളോടെയാണ് ബീച്ചിലെത്തിയവർ പുതുവർഷത്തെ വരവേറ്റത്. ഓപ്പൺസ്റ്റേജ് പരിസരത്തായിരുന്നു പ്രധാനമായും ആഘോഷം. ബീച്ചിലെ ആൾക്കൂട്ടം കോതിപ്പാലംവരെ നീണ്ടു. ഭട്ട് റോഡ് ബീച്ച്, വരയ്ക്കൽ ബീച്ച്, പുലിമുട്ട്, ബേപ്പൂർ എന്നിവടങ്ങളിലെല്ലാം ആഘോഷങ്ങളുണ്ടായിരുന്നു. പോലീസ് എല്ലായിടത്തും സുരക്ഷയൊരുക്കിയിരുന്നു. എക്സൈസ് വകുപ്പിന്റെ പരിശോധനയുമുണ്ടായിരുന്നു.

നാട്ടുകാരുടെ പ്രതിഷേധം; സരോവരത്തെ പുതുവത്സരാഘോഷം രാത്രി 10നു നിർത്തി

കോഴിക്കോട്: സരോവരം ബയോപാർക്കിനു സമീപത്തെ പുതുവത്സരാഘോഷം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടു നാട്ടുകാരുടെ പ്രതിഷേധം.

പരിപാടിക്കു കോർപറേഷൻ അനുമതി നിഷേധിച്ചിട്ടും പൊലീസ് കൂട്ടുനിൽക്കുകയാണെന്നു നാട്ടുകാർ ആരോപിച്ചു. രണ്ടര മണിക്കൂറോളം നീണ്ട പ്രതിഷേധത്തിനു ശേഷം കോർപറേഷൻ പ്രതിനിധിയെത്തി സ്റ്റോപ് മെമ്മോ നൽകി. പരിപാടി തുടങ്ങിക്കഴിഞ്ഞ സാഹചര്യത്തിൽ രാത്രി 10 ന് അവസാനിപ്പിക്കാമെന്നു സംഘാടകർ പൊലീസിനെ അറിയിച്ചതോടെ സമരം അവസാനിപ്പിച്ചു. അമിതമായ ശബ്ദം പരിസരവാസികൾക്കു ബുദ്ധിമുട്ടാകുന്നുവെന്ന് ആരോപിച്ചായിരുന്നു പ്രതിഷേധം.

പ്രദേശവാസികളുടെയും സരോവരം കണ്ടൽ തണ്ണീർത്തടം സംരക്ഷണ സമിതിയുടെയും സരോവരം ബയോ പാർക്ക് പ്രകൃതി സംരക്ഷണ സമിതിയുടെയും നേതൃത്വത്തിലാണു പരിപാടി നടക്കുന്ന സ്ഥലത്തേക്കു പ്രതിഷേധ മാർച്ച് നടത്തിയത്.

മാർച്ച് തണ്ണീർത്തടത്തിനു സമീപം വെള്ളയിൽ പൊലീസ് ഇൻസ്പെക്ടർ ബൈജു കെ.ജോസിന്റെ നേതൃത്വത്തിൽ, നടക്കാവ് എസ്ഐ മാരായ ലീലാ വേലായുധൻ, ബീന മോഹൻ എന്നിവരടങ്ങിയ പൊലീസ് തടഞ്ഞു. ഇതോടെ പ്രതിഷേധക്കാരും പൊലീസും തമ്മിൽ വാക്കേറ്റവും ഉന്തും തള്ളുമായി. പരിപാടി നിർത്തിവയ്ക്കാൻ കോർപറേഷൻ വൈകിട്ട് ഉത്തരവ് നൽകിയിട്ടും പൊലീസ് തടഞ്ഞില്ലെന്നു പ്രതിഷേധക്കാർ ആരോപിച്ചു. എന്നാൽ പരിപാടി നിർത്തിവയ്പിക്കേണ്ടത് കോർപറേഷൻ ഉദ്യോഗസ്ഥർ ആണെന്നും അതിനു സഹായം നൽകാമെന്ന നിലപാട് പൊലീസും സ്വീകരിച്ചു. മണിക്കൂറുകളോളം സമരം തുടർന്നു.

വൈകിട്ട് 6.30ന് എരഞ്ഞിപ്പാലം സരോവരം റോഡ് ജംക്ഷനിൽ നിന്ന് ആരംഭിച്ച മാർച്ച് വേദിക്കു സമീപം പൊലീസ് തടഞ്ഞു. ഇതോടെ പരിപാടിക്ക് എത്തിയവർ മറ്റു വഴിയില്ലാതെ നടുറോഡിലായി. 7.20 ന് പൊലീസ് പ്രതിഷേധക്കാരുമായി സംസാരിച്ചെങ്കിലും സമരക്കാർ പൊലീസ് വലയം ഭേദിച്ചു.

തുടർന്നു പ്രതിഷേധ സമരം കൗൺസിലർ എം.എൻ.പ്രവീൺ ഉദ്ഘാടനം ചെയ്തു.പരിപാടി നിർത്തിവയ്പിക്കാൻ രാത്രി 8 കഴിഞ്ഞിട്ടും കോർപറേഷൻ പ്രതിനിധികൾ എത്തിയിരുന്നില്ല. കോർപറേഷൻ ഉദ്യോഗസ്ഥർ സ്ഥലത്തെത്തി നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടിട്ടും നിർത്തിയില്ലെങ്കിൽ ഇടപെടുമെന്നു പൊലീസ് ഉദ്യോഗസ്ഥർ പറഞ്ഞു.

ഇക്കാര്യം കോർപറേഷൻ ഉദ്യോഗസ്ഥരെ അറിയിക്കാൻ ശ്രമിച്ചെങ്കിലും ബന്ധപ്പെടാൻ പൊലീസിനു കഴിഞ്ഞില്ല. ഇതേ സമയം പരിപാടി ആരംഭിച്ചിരുന്നു. ഒടുവിൽ 8.10 ന് ആണു കോർപറേഷൻ പ്രതിനിധിയെത്തി സംഘാടകരുമായി സംസാരിച്ചത്. പ്രതിഷേധ സമരത്തിൽ എം.ബിജുലാൽ, കെ.പി.അലക്സ്, പി.എം. ജീജാ ഭായ്, ഐ.കെ.ബിജു, ത്രീപുദാസ്, ഷിൻജിത്ത് കൂട്ടുമുഖത്ത് തുടങ്ങിയവർ പ്രസംഗിച്ചു. വാഴാത്തിരുത്തി, കിഴക്കൻതിരുത്തി, എരഞ്ഞിപ്പാലം പാലാട്ട് റസിഡന്റ്സ് അസോസിയേഷനുകളിലെ അംഗങ്ങൾ പങ്കെടുത്തു.

പുതിയതെരുപാപ്പിനിശ്ശേരി ഗതാഗതക്കുരുക്ക്:

പരീക്ഷണാടിസ്ഥാനത്തിലുള്ള ഗതാഗത പരിഷ്കാരം 3 മുതൽ

പാപ്പിനിശ്ശേരി: ദേശീയപാത പുതിയതെരു മുതൽ പാപ്പിനിശ്ശേരി വരെയുള്ള കുരുക്ക് ഒഴിവാക്കാൻ പരീക്ഷണാടിസ്ഥാനത്തിൽ ഗതാഗത പരിഷ്കാരം നടപ്പിലാക്കാൻ തീരുമാനം. 3ന് രാവിലെ മുതൽ കെഎസ്ടിപി പാപ്പിനിശ്ശേരി റോഡ് ജംക്ഷനിൽ നിന്നു വാഹനങ്ങളെ വഴിതിരിച്ചു വിടാൻ ഇന്നലെ പാപ്പിനിശ്ശേരിയിൽ ചേർന്ന ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി യോഗം തീരുമാനിച്ചു. പുതിയതെരു, വളപട്ടണം പാലം, കെഎസ്ടിപി റോഡ് ജംക്ഷൻ എന്നിവിടങ്ങളിലെ കുരുക്ക് പരിഹരിക്കുന്നതിനാണു പുതിയ ക്രമീകരണം ഏർപ്പെടുത്തുന്നത്. ദേശീയപാത കണ്ണൂരിൽ നിന്നും കെഎസ്ടിപി റോഡ് പഴയങ്ങാടിയിൽ നിന്നും വരുന്ന വാഹനങ്ങൾ കടവത്തുവയലിൽ നിന്നു കോട്ടൺസ് ചുങ്കം റോഡ് വഴി വൺവേയായി കടന്നുപോകണം.

പ്രധാന ജംക്ഷനുകളിൽ ഗതാഗതം നിയന്ത്രിക്കാൻ പൊലീസിനെ നിയോഗിക്കും. 8 വരെ നടപ്പിലാക്കുന്ന ഗതാഗത പരിഷ്കാരം വിലയിരുത്തി വിജയകരമെങ്കിൽ തുടരും. ആവശ്യമായ മാറ്റം വേണമെങ്കിൽ ചർച്ച ചെയ്തു തീരുമാനിക്കും.പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഗതാഗത നിയന്ത്രണവുമായി എല്ലാവരും സഹകരിക്കണമെന്ന് കലക്ടറുടെ ചുമതലയുള്ള എഡിഎം സി.പത്മചന്ദ്രക്കുറുപ്പ് അറിയിച്ചു. യോഗത്തിൽ കെ.വി. സുമേഷ് എംഎൽഎ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എ.വി.സുശീല, കണ്ണൂർ ആർടിഒ ഇ.എസ്.ഉണ്ണിക്കൃഷ്ണൻ, വളപട്ടണം പൊലീസ് ഇൻസ്പെക്ടർ ടി.പി.സുമേഷ്, പഞ്ചായത്ത് അംഗങ്ങൾ, ബസുടമകളുടെയും, തൊഴിലാളികളുടെയും സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

സിയസ് കൊ എം.ടി. അനുസ്മരണം കവിയും പ്രമുഖ എഴുത്തുകാരനുമായ ഒ.പി.സുരേഷ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

എം ടി അനുസ്മരണം നടത്തി

കോഴിക്കോട്: ആർക്കും വശംവദനാകാതെ നിലപാടുകൾ ഉയർത്തിപ്പിടിച്ച കലാകാരനായിരുന്നു എംടി വാസുദേവൻ നായരെന്ന് കവി ഒ.പി സുരേഷ് പറഞ്ഞു. സിയസ്കൊ ഇന്റലക്ചൽ വിംഗും പടാപ്പുറം കൂട്ടായ്മയും ചേർന്ന് സംഘടിപ്പിച്ച എം ടി അനുസ്മരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശരി എന്ന് ബോധ്യപ്പെട്ടത് ഉറക്കെ പറയാൻ എം ടി ആരെയും കാത്തു നിൽക്കുകയോ വക വെക്കുകയോ ചെയ്തില്ല. സൈലന്റ് വാലിയിലെ വൈദ്യുതി പദ്ധതിയെയും കൂടംകുളം ആണവ നിലയത്തെയും എതിർത്ത അദ്ദേഹം നോട്ട് നിരോധനത്തിലെ അപകടം ചൂണ്ടിക്കാട്ടി. തുഞ്ചൻ സ്മാരകത്തെ മതേതര പ്രസ്ഥാനമായി നിലനിർത്തിയത് എംടിയാണ്. തോറ്റവർക്കും ഏകാകികൾക്കും ഒപ്പം എംടി ഉണ്ടായതിന്റെ തെളിവാണ് രണ്ടാമൂഴം ഒരു വടക്കൻ വീരഗാഥയും. പുതിയ അറിവുകളോടും ഭാവുകത്വത്തോടും എന്നും താൽപര്യം കാട്ടിയ എം ടി നിരന്തരം നവീകരിച്ചു - അദ്ദേഹം പറഞ്ഞു. സിയസ്കോ ഇൻറലക്ചൽ & കൾച്ചറൽ വിംഗ് ചെയർമാൻ പി.കെ. സലാം കല്ലായി അധ്യക്ഷനായി.മലയാള മനോരമ മുൻ ചീഫ് ഫോട്ടോഗ്രാഫർ പി. മുസ്തഫ, സിയസ്കോ ജനറൽ സെക്രട്ടറി എം.വി. ഫസൽ റഹ്മാൻ, സാബി തെക്കെപ്പുറം, അഡ്വ. പി.എൻ റഷീദലി, പി.വി. യൂനുസ്, സി.പി.എം.സഈദ്, സംസാരിച്ചു. പ്രൊഫ. ഷഹദ് ബിൻ അലി സ്വാഗതവും ബി. വി അഷ്റഫ് നന്ദിയും പറഞ്ഞു.

കണ്ണൂർ സർവ്വകലാശാലയ്ക്ക് 354.95 കോടിയുടെ ബഡ്ജറ്റ് : ഗവേഷണത്തിന് ഊന്നൽ

കണ്ണൂർ : ഗവേഷണമേഖലയ്ക്ക് ഊന്നൽ നൽകിയും പാർട്ടൈം ജോലിക്കാരെയും മുതിർന്നവരെയും ലക്ഷ്യമിട്ട് കൂടുതൽ സായാഹ്ന കോഴ്സുകൾ തുടങ്ങാൻ ലക്ഷ്യമിട്ടും കണ്ണൂർ സർവ്വകലാശാല ബഡ്ജറ്റ്. സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ഡയറക്ടറേറ്റ് വഴി വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളും സായാഹ്ന കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളും നൈപുണ്യ വികസന കോഴ്സുകളും ആരംഭിക്കുന്നതിനും ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. വിദേശരാജ്യങ്ങളിൽ പ്രചാരത്തിലുള്ള വിദ്യാഭ്യാസത്തോടൊപ്പം തൊഴിലുമെന്ന ചില വിദേശരാജ്യങ്ങളുടെ മാതൃകയാക്കിൽ കോഴ്സുകളുടെ സിലബസ് തയ്യാറാക്കും. ഗവേഷണ സജ്ജീകരണത്തിനുസരിച്ച് വിവിധ ലബോറട്ടറികളുടെ ആധുനികവത്കരണത്തിനും അപ്ഗ്രഡേഷനും പ്രത്യേകംഫണ്ട് ബഡ്ജറ്റിൽ വകയിരുത്തി.അദ്ധ്യാപന പഠന ഗവേഷണങ്ങളെ ഒരുമിച്ച് കൊണ്ടുപോകുന്നതിന് ഗവേഷണമേഖലയെ ശക്തിപ്പെടുത്തും.

പുതുവർഷത്തിൽ 1.30 ലക്ഷം യാത്രക്കാർ; പുതിയ കുതിപ്പിന് കൊച്ചി മെട്രോ

കൊച്ചി: ഡിസംബർ 31 മുതൽ പുതുവർഷ പുലർച്ചെ വരെ കൊച്ചി മെട്രോയിൽ യാത്ര ചെയ്തവരുടെ എണ്ണം 1.30 ലക്ഷം കടന്നു. ഡിസംബർ മാസത്തിൽ മാത്രം 32,35,027 പേർ യാത്ര ചെയ്തതോടെ പ്രതിമാസ യാത്രക്കാരുടെ എണ്ണത്തിൽ റെക്കോർഡ് വർധന നേടി. ഡിസംബറിൽ യാത്രാ ടിക്കറ്റ് ഇനത്തിൽ 10.15 കോടി രൂപ വരുമാനം നേടി മറ്റൊരു നേട്ടവും മെട്രോ കൈവരിച്ചു. മുൻവർഷം ഡിസംബറിലെ യാത്രക്കാരുടെ ആകെ എണ്ണം 29,59,685 ഉം വരുമാനം 92,46,9402 ഉം ആയിരുന്നു.

ജൂലൈ മുതൽ പ്രതിദിനം ഒരു ലക്ഷത്തിലേറെ യാത്രക്കാരെ നേടുന്ന മെട്രോ കഴിഞ്ഞ രണ്ടുവർഷമായി തുടർച്ചയായി പ്രവർത്തന ലാഭവും ഉണ്ടാക്കി. 2023 സാമ്പത്തിക വർഷം 5.35 കോടിയായിരുന്ന പ്രവർത്തന ലാഭം 2024 സാമ്പത്തിക വർഷം 22.94 കോടി രൂപയായാണ് വർധിച്ചത്. പ്രതിദിന യാത്രക്കാരുടെ എണ്ണം 1.5 ലക്ഷത്തിലെത്തിക്കാനാണ് 2025 ൽ ലക്ഷ്യമിടുന്നതെന്ന് കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്ന പറഞ്ഞു. 'കഴിഞ്ഞ വർഷം പ്രതിദിനം ഒരു ലക്ഷം യാത്രക്കാരെയാണ് ലക്ഷ്യമിട്ടിരുന്നത്. കൂട്ടായ പരിശ്രമത്തിലൂടെ അത് നേടി. നിരക്കുകളുടെ യുക്തിസഹമായ ഏകീകരണം, വിദ്യാർത്ഥികൾക്ക് നൽകിയ നിരക്കിളവ്, സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണം, കൃത്യതയാർന്ന സർവീസ്, വൃത്തി, ശുചിത്വം, ജീവനക്കാരുടെ മികച്ച പെരുമാറ്റം, യാത്രക്കാരുടെ സഹകരണം തുടങ്ങിയ നിരവധി ഘടകങ്ങൾ ഈ നേട്ടം കൈവരിക്കുന്നതിന് സഹായിച്ചു ' അദ്ദേഹം ചൂണ്ടിക്കാട്ടി.

ടിക്കറ്റിംഗിനായി ഏറ്റവും കൂടുതൽ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുന്ന രാജ്യത്തെ ഏക മെട്രോയാണിതെന്നും ഈ വർഷം ടിക്കറ്റിംഗ് സമ്പ്രദായം സമ്പൂർണമായും ഡിജിറ്റലൈസ് ചെയ്യാനാണ് പരിശ്രമിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഇതിലൂടെ കൂടുതൽ യുവാക്കളെ ആകർഷിക്കുകയാണ് ലക്ഷ്യം. ലാസ്റ്റ് മൈൽ, ഫസ്റ്റ്മൈൽ കണക്ടിവിറ്റി കൂട്ടി പ്രതിദിന യാത്രക്കാരെ കൂടുതൽ ആകർഷിക്കാനായി 15 ഇലക്ട്രിക് ബസുകളുടെ സർവീസ് ഉടനെ ആരംഭിക്കും. വിവിധ റൂട്ടുകളിൽ പരീക്ഷണ ഓട്ടം പൂർത്തിയാക്കിയാലുടൻ മെട്രോ സ്റ്റേഷനുകളെയും വാട്ടർ മെട്രോ സ്റ്റേഷനുകളെയും ബന്ധിപ്പിച്ച് ഇ- ബസ് സർവീസ് ആരംഭിക്കും.

കൊച്ചി വാട്ടർ മെട്രോയിൽ ഇതേവരെ 35 ലക്ഷത്തോളം പേർ യാത്ര ചെയ്തു. വാട്ടർ മെട്രോയുടെ വിജയകരമായ നടത്തിപ്പിനെ തുടർന്ന് ഇന്ത്യയിലെ 18 സ്ഥലങ്ങളിൽ വാട്ടർ മെട്രോ ആരംഭിക്കാനുള്ള പഠനം നടത്തുന്നതിനുള്ള സാധ്യത കേന്ദ്ര സർക്കാർ തേടിയിരുന്നു. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങളിലാണ് വാട്ടർ മെട്രോ. അഹമ്മദാബാദ്-സബർമതി. സൂറത്ത്, മംഗലാപുരം, അയോധ്യ, ധുബ്രി, ഗോവ, ഗോഹത്തി, കൊച്ചി, കൊല്ലം, കൊൽക്കത്ത, പാട്ന, പ്രയാഗ്രാജ്, ശ്രീനഗർ, വാരണാസി, മുംബൈ, വാസായ്, ലക്ഷദ്വീപ്, ആന്തമാൻ എന്നിവിടങ്ങളിലാണ് വാട്ടർ മെട്രോയ്ക്കുള്ള സാധ്യത പരിഗണിക്കുന്നത്.എറണാകുളം, മട്ടാഞ്ചേരി വാട്ടർ മെട്രോ ടെർമിനലുകൾ ഈ വർഷം പൂർത്തിയാക്കുമെന്നും ലോക്നാഥ് ബെഹ്ന പറഞ്ഞു. ഈ വർഷം 15 ബോട്ടുകൾക്കുള്ള ഓർഡർ കൂടി നൽകും. ഇൻഫോ പാർക്കിലേക്കുള്ള പുതിയ മെട്രോ പാതയുടെ നിർമാണം പുരോഗമിക്കുകയാണ്. മൂന്നാം ഘട്ടമായി അങ്കമാലിയിലേക്ക് മെട്രോ സേവനം വ്യാപിപ്പിക്കാനുള്ള പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട്(ഡിപിആർ) തയ്യാറാക്കാനുള്ള കേന്ദ്ര അനുമതി ഈയിടെ ലഭിച്ചിരുന്നു.കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കേണ്ട ഫണ്ട് തടസമില്ലാതെ ലഭിക്കുന്നത് പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് അത്യാവശ്യമാണ്.

ദേവഗിരി കോളേജിൽ കേരളാചരിത്ര ഗവേഷണ കൗൺസിലിന്റെ ലൈബ്രറി

കോഴിക്കോട്: പുതിയ തലമുറയിൽ ചരിത്ര അവബോധം സൃഷ്ടിക്കുന്നതിനും കേരളചരിത്രവുമായി ബന്ധപ്പെട്ട ആധികാരിക കൃതികൾ പരിചയപ്പെടുത്തുന്നതിനുമായി കെ.സി.എച്ച്.ആർ ആരംഭിച്ച കുട്ടികളുടെ വീട്ടിൽ ഒരു ചരിത്രലൈബ്രറി പദ്ധതി ദേവഗിരി കോളേജിൽ നടപ്പിലായി. കോളേജിലെ പൂർവ്വവിദ്യാർത്ഥിയായ പ്രൊഫസർ എം.സി.വസിഷ്ഠ് കെ.സി.എച്ച്.ആറിന്റെ ഗ്രന്ഥങ്ങൾ കോളേജ് ലൈബ്രറിക്ക് കൈമാറി. കോളേജ് പ്രിൻസിപ്പാൾ ഡോ.ബോബി ജോസ് ഗ്രന്ഥങ്ങൾ ഏറ്റുവാങ്ങി. മലയാള വിഭാഗം തലവൻ ഫാ. സുനിൽ ജോസ്, കോളേജ് പി.ആർ.ഒ പ്രൊഫ. ചാർലി കട്ടക്കയം, ലൈബ്രേറിയൻ ടോംസൺ എ.ജെ, മലയാളം അസി.പ്രൊഫസർ സരിത കെ.സി എന്നിവർ സംബന്ധിച്ചു.

എച്ച്.പി.സി.എൽ. ഡിപ്പോ പൂട്ടില്ല; ലൈസൻസ് പുതുക്കി

എലത്തൂർ : മലബാറിലെ മൂന്ന് ജില്ലകളിലെ പെട്രോൾ പമ്പുകളിലേക്ക് ഇന്ധനവിതരണം നടത്തുന്ന എച്ച്.പി.സി.എൽ. ഡിപ്പോ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ ഫാക്ടറി ലൈസൻസ് പുതുക്കി. എന്നാൽ, സംഭരണടാങ്കിൽ ഹൈഡ്രോളിക് പരിശോധന തുടങ്ങിയ സാഹചര്യത്തിൽ ഇന്ധവിതരണം ചൊവ്വാഴ്ച മുതൽ ജില്ലയ്ക്ക് പുറത്തേക്ക് മാറ്റി.

താത്കാലിക ക്രമീകരണമെന്ന നിലയിൽ ഇന്ധനവിതരണം എറണാകുളം ഇരുമ്പനത്തേക്കും മംഗളൂരുവിലേക്കുമാണ് മാറ്റിയത്. ബില്ലിങ് ഉൾപ്പെടെയുള്ള ഓഫീസ് പ്രവർത്തനങ്ങൾ ഡിപ്പോയിൽത്തന്നെ തുടരും. മലിനീകരണ നിയന്ത്രണബോർഡിന്റെ ലൈസൻസും എച്ച്.പി.സി.എൽ. നേരത്തേ പുതുക്കിയിട്ടുണ്ട്. 2027 ജനുവരിവരെയാണ് ഇതിന്റെ കാലാവധി.

ഡിസംബർ ആദ്യവാരം ഇന്ധനച്ചോർച്ച ഉണ്ടായതിനെത്തുടർന്ന് വിവിധ ഏജൻസികളുടെ അന്വേഷണം നടക്കുന്നതിനാൽ ലൈസൻസുകൾ റദ്ദുചെയ്യണമെന്ന് ആവശ്യമുയർന്നിരുന്നു. അതിനിടെ പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷന്റെ (പെസോ) നിർദേശപ്രകാരം സംഭരണടാങ്ക് ശാസ്ത്രീയമായി പരിശോധിക്കുന്ന പ്രവൃത്തി ഡിപ്പോയിൽ തുടങ്ങി.

ഇന്ധനച്ചോർച്ചയുണ്ടെന്ന് സംശയിച്ച സംഭരണി ഉൾപ്പെടെയുള്ളവയിൽ വെള്ളം നിറച്ചാണ് പരിശോധിക്കുന്നത്. വെള്ളത്തിന്റെ അളവും അത് ഉൾക്കൊള്ളുന്ന സംഭരണിയുടെ വ്യാപ്തവുമാണ് നിരീക്ഷിക്കുന്നത്.

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് എച്ച്.പി.സി.എലിനോട് ഹൈഡ്രോളിക് പരിശോധനാ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. 'പെസോ'യുടെ വിദഗ്ധസംഘം ഒരിക്കൽക്കൂടി ഡിപ്പോ പരിശോധനയ്ക്കെത്തും.

സംഭരണിയിൽനിന്ന് ഡീസൽചോർന്ന് റോഡരികിലെ ഓവുചാലിലൂടെ ഒഴുകിയതിനെത്തുടർന്നാണ് വിവിധ ഏജൻസികളുടെ അന്വേഷണം നടക്കുന്നത്. ഡിപ്പോ സൈരജീവിതത്തിന് തടസ്സമാണെന്ന് ആരോപിച്ച് പ്രദേശവാസികളും രംഗത്തുണ്ട്. 45 കരാർവണ്ടികളിലും പത്തോളം ഡീലർമാരുടെ വണ്ടികളിലുമാണ് എലത്തൂർ ഡിപ്പോയിൽനിന്ന് ഇന്ധനം നിറച്ചിരുന്നത്.

:എച്ച്.പി.സി.എൽ. ഓട്ടോസിസ്റ്റം വഴി ഫാക്ടറി ലൈസൻസ് പുതുക്കിയതായി ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് വ്യക്തമാക്കി. അതേസമയം, എക്സ്പ്ലോസീവ് ലൈസൻസ് മാന്വലായി പുതുക്കേണ്ടതിനാൽ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണെന്നാണ് 'പെസോ' ഡെപ്യൂട്ടി ചീഫ് കൺട്രോളറുടെ ഓഫീസ് വ്യക്തമാക്കുന്നത്.

കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിലേക്കുള്ള ഇന്ധനമാണ് എലത്തൂരിൽ നിന്ന് വിതരണം ചെയ്തുവന്നത്.

ദീർഘദൂരയാത്രയുള്ളതിനാൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിലാണ് ഇവിടെയുള്ള ടാങ്കറുകൾ ഇന്ധനം നിറയ്ക്കാൻ പുറപ്പെടുക.

ടാങ്കർലോറി തൊഴിലാളികൾക്ക് നിലവിലുള്ള ക്രമീകരണം നേട്ടമാവും. ദൂരം കൂടുന്നതനുസരിച്ച് വരുമാനത്തിൽ വർധനയുണ്ടാകുമെന്നതാണ് നേട്ടം. ടാങ്കറുകളുടെ വാടകയിനത്തിൽ അധികവരുമാനവും ലഭിക്കും.

കേരളത്തിലങ്ങോളം യാത്രകൾ.. കണ്ണൂർ മുതൽ കന്യാകുമാരി വരെ, പാലക്കാടിന് സ്പെഷ്യൽ പാക്കേജ്

പുതിയ വർഷത്തിൽ യാത്രകൾ പോകാൻ പ്ലാൻ ചെയ്തിരിക്കുന്നവർ ഒരുപാടുണ്ട്. ആരെയും നിരാശരാക്കാതെ നിരവധി പാക്കേജുകളുമായി ബജറ്റ് ടൂറിസം സെൽ വന്നിരിക്കുകയാണ്. കേരളത്തിലങ്ങോളമിങ്ങോളം പുതിയ പാക്കേജുകളടക്കം കെഎസ് ആർടിസി അവതരപ്പിച്ചിട്ടുണ്ട്. കൊല്ലം ബജറ്റ് ടൂറിസം സെൽ വ്യത്യസ്തങ്ങളായ പാക്കേജുകളോടെ യാത്രക്കാരെ ക്ഷണിക്കുകയാണ്.

ജനുവരിയിൽ മാത്രം ഏകദേശം മുപ്പതോളം യാത്രകളാണ് കൊല്ലത്ത് നിന്നും പുറപ്പെടുന്നത്. സൈലന്റ് വാലി, പാലക്കാട് , കണ്ണൂർ,മൂന്നാർ, കന്യാകുമാരി, പൊന്മുടി, വാഗമൺ എന്നിങ്ങനമെ നിരവധി പാക്കേജുകളും ഉണ്ട്. ഇത് കൂടാതെ, തീർത്ഥയാത്രികർക്കായി വിരാട് രൂപ ദർശനം തീർത്ഥാടനയും ഉണ്ട്.ജനുവരി 5, 26 എന്നിങ്ങനെ രണ്ട് ദിവസങ്ങളിലായി നെഫർറ്റിറ്റി കപ്പൽ യാത്രയുണ്ട്. കൊല്ലത്തുനിന്നും രാവിലെ 10.00 മണിക്ക് എസി ലോ ഫ്ലോർ ബസ്സിൽ എറണാകുളത്ത് എത്തി 5 മണിക്കൂർ കടലിൽ ചെലവഴിക്കുന്ന യാത്രയ്ക്ക് 4240 രൂപയാണ് ചാർജ്ജനുവരി 5, 25 തിയതികളിൽ ഇല്ലിക്കൽ കല്ല് -ഇലവീഴാപൂഞ്ചിറ യാത്ര രാവിലെ അഞ്ചിന് ആരംഭിച്ച് രാത്രി 10. 30 ന് മടങ്ങിയെത്തും. 820 രൂപയാണ് നിരക്ക്. ജനുവരി 7, 27 ദിവസങ്ങളിലായി ഗവി -പരുന്തുംപാറ യാത്രയിൽ പാക്കേജിൽ പ്രവേശന ഫീസുകളും ഉച്ചഭക്ഷണവും ഉൾപ്പെടെ 1750 രൂപയാണ്.

ജനുവരി 11 ശനിയാഴ്ച 3 യാത്രകൾ ആണ് കൊല്ലത്തുനിന്നുള്ള്. മൂന്നാർ, കന്യാകുമാരി, പൊന്മുടി. കന്യാകുമാരി യാത്രക്ക് 800 രൂപയും പൊന്മുടിക്കു 770 രൂപയുമാണ് നിരക്ക്. ജനുവരി 12ന് പുറപ്പെടുന്ന വാഗമൺ, റോസ്മല ഏകദിന യാത്രകൾക്ക് യഥാക്രമം 1020,770 എന്നിങ്ങനെയാണ് നിരക്ക്.ഇത് കൂടാതെ, തുടങ്ങി പെട്ടന്നുതന്നെ സഞ്ചാരികൾ ഏറ്റെടുത്ത മലബാർ യാത്രയും ജനുവരിയിൽ തുടരും. 23-ാം തിയതി രാത്രി 7 മണിക്ക് മൾട്ടി ആക്സിൽ വോൾവോ ബസ്സിൽ പുറപ്പെടുന്ന യാത്രയിൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ പ്രധാന ചരിത്ര -വിനോദ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിച്ച് 26 ന് പുലർച്ചെ മടങ്ങി എത്തും. 3200 രൂപയാണ് നിരക്ക്.കൊല്ലം യൂണിറ്റിന്റെ ആദ്യ സൈലന്റ് വാലി യാത്രയും ജനുവരിയുടെ പ്രത്യേകതയാണ്. ജനുവരി 18 ന് രാത്രി 8 മണിക്ക് പുറപ്പെടുന്ന യാത്ര കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാൻ പറ്റിയതാണ്. കാടിനുള്ളിലൂടെയുള്ള സഫാരിയടക്കം 3080 രൂപയാണ് നിരക്ക്.

സർവകലാശാലാ ആസ്ഥാനത്ത് കെ.എസ്.യു. പ്രതിഷേധം

കണ്ണൂർ : കെ-റീപിന്റെ മറവിൽ അംഗീകാരമില്ലാത്ത കോഴ്സിൽ വ്യാജപ്രവേശനം നൽകിയെന്നാരോപിച്ച് കെ.എസ്.യു. ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ യൂണിവേഴ്സിറ്റി ആസ്ഥാനത്ത് പ്രതിഷേധിച്ചു.

സർവകലാശാലാ പ്രവേശനകവാടം ഉപരോധിച്ച നേതാക്കൾ ഉൾപ്പടെയുള്ളവരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി. കെ.എസ്.യു. സംസ്ഥാന വൈസ് പ്രസിഡന്റ് പി. മുഹമ്മദ് ഷമ്മാസ് പ്രതിഷേധം ഉദ്ഘാടനം ചെയ്തു.

വിദ്യാർഥികളുടെ ഭാവി തുലാസിലാക്കുന്ന കണ്ണൂർ യൂണിവേഴ്സിറ്റിക്കെതിരേ ശക്തമായ സമരങ്ങളുമായി കെ.എസ്.യു. മുന്നോട്ട് പോകുമെന്നും ജില്ലാ പ്രസിഡന്റ് എം.സി.അതുൽ പറഞ്ഞു.കെ.എസ്.യു. സംസ്ഥാന സമിതി അംഗം ആകാശ് ഭാസ്കരൻ, ജില്ലാ വൈസ് പ്രസിഡന്റുമാരായ ആഷിത്ത് അശോകൻ, കാവ്യ ദിവാകരൻ, അക്ഷയ് കല്യാശ്ശേരി, സി.എച്ച്. മുബാസ്, നവനീത് ഷാജി, സി.എച്ച്. റിസ്വാൻ, എ.എം. സൂര്യതേജ്, വൈഷ്ണവ് കായലോട്, മുഹമ്മദ് നിഹാൽ, അഭിജിത്ത് കാപ്പാട്, പ്രകീർത്ത് മുണ്ടേരി, ദേവനന്ദ കാടാച്ചിറ, വിവേക് പാലയാട് എന്നിവർ നേതൃത്വം നൽകി.

കണ്ണൂർ സർവകലാശാലയിൽ അംഗീകാരമില്ലാത്ത കോഴ്സിൽ വ്യാജപ്രവേശനം നടത്തിയെന്ന് ആരോപിച്ച് കെ.എസ്.യു. പ്രവർത്തകർ സർവകലാശാലാ ആസ്ഥാനത്തേക്ക് നടത്തിയ മാർച്ചിനിടെ ജില്ലാ പ്രസിഡന്റ് എം.സി. അതുലിനെ പോലീസ് അറസ്റ്റ് ചെയ്തു കൊണ്ടുപോകുന്നു

സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സ്വർണക്കപ്പ് പ്രയാണത്തിന് കണ്ണൂരിൽ നൽകിയ സ്വീകരണത്തിൽനിന്നും. ചൊവ്വ ഹയർ സെക്കൻഡറി സ്കൂൾനിന്നുമുള്ള ദൃശ്യം

സംസ്ഥാന സ്കൂൾ കലോത്സവ സ്വർണക്കപ്പിന് കണ്ണൂരിൽ ആവേശോജ്ജ്വല സ്വീകരണം

കണ്ണൂർ : തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിലേക്കുള്ള സ്വർണക്കപ്പിന്റെ യാത്രയ്ക്ക് നിലവിലെ ജേതാക്കളായ കണ്ണൂരിന്റെ മണ്ണിൽ ആവേശകരമായ സ്വീകരണം നൽകി. കാസർകോട്ടുനിന്ന് ആരംഭിച്ച സ്വർണക്കപ്പിന്റെ യാത്ര കരിവെള്ളൂർ എ.വി. സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂളിൽവെച്ചാണ് കണ്ണൂരിന്റെ മണ്ണിലേക്ക് സ്വീകരിച്ചത്. തുടർന്ന് ചൊവ്വ ഹയർസെക്കൻഡറി സ്കൂളിൽ നടന്ന സ്വീകരണത്തിൽ ഡി.ഡി.ഇ. ബാബു മഹേശ്വരി പ്രസാദ്, എസ്.എസ്.കെ. ജില്ലാ കോഡിനേറ്റർ ഇ.സി. വിനോദ്, ഡയറ്റ് പ്രിൻസിപ്പൽ വി.വി. പ്രേമരാജൻ, സ്കൂൾ പ്രിൻസിപ്പൽ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

ചാവശ്ശേരി ഗവ. ഹയർ സെക്കൻഡറി സ്കൂളിലും സ്വീകരണം നൽകി. കൊട്ടിയൂർ ബോയ്സ് ടൗണിലെ സ്വീകരണത്തിനുശേഷം കപ്പ് വയനാട്ടിലേക്ക് കൊണ്ടുപോയി. സ്വർണക്കപ്പ് നാലിന് രാവിലെ തിരുവനന്തപുരത്തെത്തും.

63-ാമത് സംസ്ഥാന സ്കൂൾ കലോത്സവം നാലുമുതൽ എട്ടുവരെ തിരുവനന്തപുരത്ത് നടക്കും.

വാട്ടർ ഫെസ്റ്റ് നാലാം സീസണിനെ വരവേൽക്കാനൊരുങ്ങി ബേപ്പൂരും ചാലിയവും

ജലകായിക മത്സരങ്ങൾ, ഡ്രോൺ ഷോ, കൈറ്റ് ഫെസ്റ്റിവൽ, ഘോഷയാത്ര ഫുഡ് ഫെസ്റ്റിവൽ ജനുവരി അഞ്ച് വരെ തുടരും

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിവൽ നാലാം സീസണിനെ വരവേൽക്കാനൊരുങ്ങി ബേപ്പൂരിലെയും ചാലിയത്തെയും കടലും കടൽത്തീരവും. ജനുവരി നാല്, അഞ്ച് തീയതികളിൽ ഡ്രോൺ ഷോ, കൈറ്റ് ഫെസ്റ്റിവൽ, വിവിധ ജലകായിക മത്സരങ്ങൾ, സംഗീതകലാ പരിപാടികൾ തുടങ്ങി സാഹസികതയുടെയും വിനോദത്തിന്റെയും പുതിയ അനുഭവങ്ങൾക്ക് ഇവിടം സാക്ഷ്യം വഹിക്കും. അന്താരാഷ്ട്ര സാഹസിക ജല കായിക മത്സരങ്ങളുടെ ഭൂപടത്തിൽ ഇതിനകം ഇടം നേടിയ ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിവലിനെ വരവേൽക്കാനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി സംഘാടക സമിതി അറിയിച്ചു. സംസ്ഥാന സർക്കാർ ടൂറിസം വകുപ്പും ജില്ലാ ഭരണകൂടവും ഡിടിപിസിയും സംയുക്തമായാണ് വാട്ടർ ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.ജനുവരി നാലിന് എട്ട് മണിക്ക് ബേപ്പൂർ ബ്രേക്ക് വാട്ടറിൽ സിറ്റ് ഓൺ ടോപ്പ് കയാക്ക് മത്സരങ്ങളോടെയാണ് വാട്ടർ ഫെസ്റ്റിന് തുടക്കമാവുക. 10 മണിയോടെ ബേപ്പൂർ ബീച്ചിൽ സെയ്‌ലിംഗ് മത്സരം ആരംഭിക്കും. ഉച്ചയ്ക്ക് രണ്ട് മണി മുതൽ ആറു മണി വരെയാണ് ബേപ്പൂർ ബീച്ചിന്റെ ആകാശത്ത് നൂറുകണക്കിന് പട്ടങ്ങൾ വർണ വിസ്മയം തീർക്കുന്ന ഇന്റർനാഷണൽ കൈറ്റ് ഫെസ്റ്റിവൽ നടക്കുക. ഉച്ച രണ്ട് മണി മുതൽ ബേപ്പൂർ ബ്രേക്ക് വാട്ടറിൽ ഫ്ളൈ ബോർഡ് ഡെമോ, ഡിങ്കി ബോട്ട് റേസ് എന്നിവയും ബേപ്പൂർ മറീനയിൽ പാരാമോട്ടോറിംഗ്, കോസ്റ്റ്ഗാർഡിന്റെ ഡോർണിയർ ഫ്ളൈ പാസ്റ്റും നടക്കും. ഉച്ച മൂന്നു മണി മുതൽ ബേപ്പൂർ കടലിൽ സർഫിംഗും നാലു മണി മുതൽ ബ്രേക്ക് വാട്ടറിൽ വലയെറിയലും കോസ്റ്റ് ഗാർഡിന്റെ ഡെമോയും അരങ്ങേറും. 7.30 മുതൽ 8.30 വരെ ബേപ്പൂർ ബീച്ചിന്റെ ചക്രവാളത്തിൽ അദ്ഭുതങ്ങൾ വിരിയിച്ച് ഡ്രോൺ ഷോ അരങ്ങേറും. തുടർന്ന് കെ എസ് ഹരിശങ്കർ ആന്റ് ടീമിന്റെ സംഗീതപരിപാടി ഇവിടെ നടക്കും. വൈകിട്ട് ഏഴ് മണി മുതൽ ചാലിയം ബീച്ചിൽ ജ്യോത്സ്ന രാധാകൃഷ്ണൻ ബാൻഡിന്റെ സംഗീത പരിപാടിയും അരങ്ങേറും.

രണ്ടാം ദിവസമായ ഞായറാഴ്ച രാവിലെ ബേപ്പൂർ ബീച്ചിൽ രാവിലെ 10 മണിയോടെ സെയിലിംഗ് മത്സരം നടക്കും. 11 മണി മുതൽ പുലിമുട്ടിൽ ചൂണ്ടയിടൽ മത്സരവും ബ്രേക്ക് വാട്ടറിൽ ഉച്ച 11 മണി മുതൽ വലയെറിയൽ മത്സരവും ഒരു മണി മുതൽ നാടൻ വള്ളങ്ങളുടെ മത്സരവും രണ്ട് മണി മുതൽ ഫ്ളൈ ബോർഡ് ഡെമോയും അരങ്ങേറും. ബേപ്പൂർ ബീച്ചിൽ ഉച്ച രണ്ട് മണി മുതൽ കൈറ്റ് ഫെസ്റ്റിവൽ, ബേപ്പൂർ കടലിൽ മൂന്നു മണി മുതൽ സർഫിംഗ്, ബേപ്പൂർ മറീനയിൽ പാരാമോട്ടോറിംഗ് എന്നിവ നടക്കും. ബേപ്പൂർ ബീച്ചിൽ അഞ്ച് മണിക്ക് നടക്കുന്ന വർണാഭമായ ഘോഷയാത്രയ്ക്കു ശേഷം ആറു മണിയോടെ സമാപന സമ്മേളനത്തിന് തുടക്കമാവും. സമ്മേളനത്തിൽ മന്ത്രിമാർ, സിനിമാ താരങ്ങൾ, വിശിഷ്ടാതിഥികൾ തുടങ്ങിവയർ പങ്കെടുക്കും. തുടർന്ന് 7.30 മുതൽ ഡ്രോൺ ഷോയും തുടർന്ന് വിനീത് ശ്രീനിവാസൻ ആന്റ് ടീമിന്റെ സംഗീത പരിപാടിയും അരങ്ങേറും.

ബേപ്പൂർ ഫെസ്റ്റിന്റെ രണ്ട് ദിവസങ്ങളിലും രാവിലെ 9 മുതൽ 5 മണി വരെ കോസ്റ്റ് ഗാർഡിന്റെയും നാവിക സേനയുടെയും കപ്പലുകൾ ബേപ്പൂർ തുറമുഖത്ത് പൊതുജനങ്ങൾക്കായി പ്രദർശനത്തിനെത്തും. പ്രദർശനം സൗജന്യമായിരിക്കും. ബേപ്പൂർ വാട്ടർ ഫെസ്റ്റിന്റെ പ്രധാന ആകർഷണങ്ങളിലൊന്നായ ഭക്ഷ്യമേള ബേപ്പൂർ പാരിസൺസ് കോംപൗണ്ടിൽ ജനുവരി അഞ്ച് ഞായർ വരെ നീണ്ടു നിൽക്കും.

തൊഴിൽമേള നാലിന്

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും എംപ്ലോയബിലിറ്റി സെന്ററിന്റെയും ആഭിമുഖ്യത്തിൽ, വടകര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും വടകര മോഡൽ പോളിടെക്നിക്കിന്റെയും സഹകരണത്തോടുകൂടി ജനുവരി നാലിനു രാവിലെ 9.30 ന് വടകര മോഡൽ പോളിടെക്നിക്ക് ക്യാമ്പസ്സിൽ തൊഴിൽമേള സംഘടിപ്പിക്കുന്നു. 500 ൽപ്പരം ഒഴിവുകളും 20 ലേറെ കമ്പനികളും പങ്കെടുക്കും.വിവരങ്ങൾക്ക്: എംപ്ലോയബിലിറ്റി സെന്റർ കോഴിക്കോട്- 0495-2370176, 2370178. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വടകര- 0496-2523039.

അപേക്ഷ ക്ഷണിച്ചു

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസും (ഇംഹാൻസ്) സാമൂഹ്യനീതി വകുപ്പും ചേർന്ന് നടത്തുന്ന 'മാനസിക രോഗം നേരിടുന്ന മുതിർന്നവർക്ക് പിന്തുണയും പുനരധിവാസവും' പ്രോജക്റ്റിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ സൈക്യാട്രിക് സോഷ്യൽ വർക്കർ കം കേസ് മാനേജർ (ഒരു ഒഴിവ്) തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത:സൈക്യാട്രിക് സോഷ്യൽവർക്കിലെ എംഫിൽ (രണ്ട് വർഷത്തെ ഫുൾടൈം കോഴ്സ്). സൈക്യാട്രിക് റീഹാബിലിറ്റേഷൻ ക്രമീകരണത്തിൽ അനുഭവപരിചയമുള്ളത് അഭികാമ്യം. ശമ്പളം 30,700 രൂപ.

അപേക്ഷ ജനുവരി 13 ന് വൈകീട്ട് അഞ്ചിനകം ഡയറക്ടർ, ഇംഹാൻസ്, മെഡിക്കൽ കോളേജ് പി.ഒ വിലാസത്തിൽ അയക്കണം. വിവരങ്ങൾക്ക് www.imhans.ac.in.

നഴ്സ് ഇന്റർവ്യൂ 7 ന്

കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ നഴ്സ് തസ്തികയിൽ ഒഴിവുണ്ട്. 780 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ (മാസം പരമാവധി 21060 രൂപ) ജിഎൻഎം പാസായ ഉദ്യോഗാർത്ഥികൾ ജനുവരി ഏഴിനു രാവിലെ 11 ന് ഇന്റർവ്യൂവിനായി എരഞ്ഞിക്കൽ കണ്ടംകുളങ്ങരയിലെ ജില്ലാ ഹോമിയോ ആശുപത്രിയിൽ എത്തണം. യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളും പരിചയ സർട്ടിഫിക്കറ്റും തിരിച്ചറിയൽ രേഖകളുടെ പകർപ്പും കൊണ്ടുവരണം. ഫോൺ: 0495-2460724.

ടെക്നിക്കൽ എക്സ്പേർട്ട് നിയമനം

കോഴിക്കോട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി എം കെ എസ് വൈ 2.0-നീർത്തടഘടകം) പദ്ധതിയിൽ ടെക്നിക്കൽ എക്സ്പേർട്ടിനെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു. അഗ്രികൾച്ചറൽ എൻജിനിയറിങ്, സോയിൽ എൻജിനിയറിങ്, അനിമൽ ഹസ്ബൻഡറി എൻജിനിയറിങ്, അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ എന്നിവയിലൊന്നിലെ ബിരുദമാണ് അടിസ്ഥാന യോഗ്യത. ഉയർന്ന യോഗ്യതയുള്ളവർക്കും സമാന മേഖലയിൽ പ്രവൃത്തി പരിചയമുള്ളവർക്കും മുൻഗണന. വിശദമായ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകൾ സഹിതം ഡെപ്യൂട്ടി ഡയറക്ടർ/പ്രൊജക്ട് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, സി ബ്ലോക്ക്, നാലാം നില, സിവിൽസ്റ്റേഷൻ, കോഴിക്കോട്-20 എന്ന വിലാസത്തിൽ ജനുവരി എട്ടിന് വൈകിട്ട് മൂന്ന് മണിക്കകം ലഭ്യമാക്കണം. ഫോൺ: 0495-2371283.

പുനർലേലം/ക്വട്ടേഷൻ 7 ന്

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് കുന്ദമംഗലത്ത് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ട് മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള പുനർലേലം/ക്വട്ടേഷൻ ജനുവരി ഏഴിന് രാവിലെ 11 മണിക്ക് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടത്തും. ഫോൺ: 0495-2800276.



പീപ്പിൾസ് റിവ്യൂ 17ാം വാർഷികാഘോഷ ചിത്രങ്ങളിലൂടെ...

പീപ്പിൾസ് റിവ്യൂ സാഹിത്യ പുരസ്കാരം ഉസ്മാൻ ചാത്തംചിറക്കും ലക്ഷ്മി വാകയാടിനും പ്രശസ്ത കവി പിപി ശ്രീധരനുണ്ണി സമ്മാനിക്കുന്നു.

പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച് ചെമ്പോളി ശ്രീനിവാസൻ രചിച്ച നാടക ത്രയം പുസ്തക പ്രകാശനം വിൽസൺ സാമുവൽ നന്മ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പ്രമുഖ നാടക പ്രവർത്തകൻ ബാബു പറശ്ശേരിക്ക് നൽകി നിർവഹിക്കുന്നു

പീപ്പിൾസ് റിവ്യൂ സ്പെഷൽ സപ്ലിമെന്റ് കാലിക്കറ്റ് ബുക്ക് ക്ലബ് സെക്രട്ടറി ഡോ.എൻഎം സണ്ണി മാക് ബിൽഡേഴ്സ് ഡയറക്ടർ കെ മുസ്തഫക്ക് നൽകി പ്രകാശനം ചെയ്യുന്നു

ചെമ്പോളി ശ്രീനിവാസൻ, വിൽസൺ സാമുവൽ എന്നിവർ സംസാരിക്കുന്നു

ബാബു പറശേരി പിടിനിസാർ എന്നിവർ സംസാരിക്കുന്നു

പീപ്പിൾസ് റിവ്യൂ ജനറൽ മനേജർ പി.കെ ജയചന്ദ്രൻ സ്വാഗതവും മഹിളാ വീഥി മാഗസിൻ എഡിറ്റർ എ.കെ.അനീസ നന്ദിയും പറയുന്നു

അവസാന നിമിഷം വിജയഗോൾ; ബംഗാളിന് 33ാം സന്തോഷ് ട്രോഫി കിരീടം

ഹൈദരബാദ്: സന്തോഷ് ട്രോഫി ഫൈനലിൽ കേരളത്തെ തകർത്ത് ബംഗാളിന് കിരീടം. കളിയുടെ അധിക സമയത്ത് നേടിയ ഗോളിലാണ് ബംഗാളിന്റെ വിജയം. റോബി ഹൻസ്ദയാണ് ബംഗാളിനായി ഗോൾ നേടിയത്. ഇതോടെ 33 സന്തോഷ് ട്രോഫി കീരീടങ്ങൾ ബംഗാൾ സ്വന്തം പേരിലെഴുതി.

ഹൈദരാബാദിലെ ഗച്ചിബൗളി സ്റ്റേഡിയത്തിൽ നടന്ന വാശിയേറിയ മത്സരത്തിൽ അവസാന സമയത്തായിരുന്നു ബംഗാൾ വിജയഗോൾ നേടിയത്. മത്സരത്തിന്റെ അവസാന മിനിറ്റുകളിൽ ബംഗാളിന്റെ മുന്നേറ്റങ്ങളിൽ കേരളം വിറയ്ക്കുകയായിരുന്നു. ഗോൾ വഴങ്ങാതെ പിടിച്ചുനിന്നെങ്കിലും അവസാനം മത്സരം ബംഗാൾ തങ്ങൾക്ക് അനുകൂലമാക്കി.

58-ാം മിനിറ്റിൽ ബംഗാളിന്റെ ഫ്രീകിക്ക് നേരിയ വ്യത്യാസത്തിൽ പുറത്തുപോയി. 62-ാം മിനിറ്റിൽ ബോക്സിന് തൊട്ടുപുറത്ത് നിന്ന് ബംഗാളിന് വീണ്ടും ഫ്രീകിക്ക് ലഭിച്ചു. പക്ഷേ അതും ലക്ഷ്യം കണ്ടില്ല. 83-ാം മിനിറ്റിൽ ബംഗാളിന് അനുകൂലകമായ കോർണർ കിക്ക് കൂട്ടപ്പൊരിച്ചിലുകൾക്കൊടുവിൽ പുറത്തുപോയി. അധികമായി അനുവദിച്ച ആറ് മിനിറ്റിലായിരുന്നു വിജയഗോൾ. 94-ാം മിനിറ്റിൽ പോയന്റ് ബ്ലാങ്ക് റേഞ്ചിൽ അനായാസമായി റോബി പന്ത് വലയിലെത്തിച്ചു. തൊട്ടുപിന്നാലെ കേരളത്തിനൊരു ഫ്രീകിക്ക് ലഭിച്ചു. കേരളത്തിന്റെ ആരാധകർ പ്രതീക്ഷയോടെ കാത്തിരുന്നു. എന്നാൽ ആ ഫ്രീ കിക്ക് പന്ത് ഗോൾബാറും കടന്ന് പുറത്തേക്ക്. ബംഗാളിന് 33ാം കിരീടം.

30ാം മിനിറ്റിൽ ബംഗാളിന്റെ കോർണർ കിക്ക് കേരളത്തിന്റെ ഗോൾകീപ്പർ രക്ഷിച്ചു. 40-ാം മിനിറ്റിൽ കേരളത്തിന് ഫ്രീകിക്ക് ലഭിച്ചു. മുഹമ്മദ് മുഷ്റഫ് എടുത്ത ഫ്രീകിക്ക് റീബൗണ്ടായി വീണ്ടും കാലിലെത്തയെങ്കിലും താരത്തിന് ലക്ഷ്യം കാണാനായില്ല.

രണ്ടാം പകുതിയിലായിരുന്നു കേരളത്തിന്റെ വിജയഗോൾ. ഗോൾ നേടിയതിന് പിന്നാലെ ശ്രദ്ധയോടെ കളിച്ച കേരളതാരങ്ങൾ വിജയം തങ്ങളുടെ വരുതിയിൽ നിർത്തി.

പുതുവർഷദിനത്തിൽ അശ്വിനെ പിന്നിലാക്കി; റാങ്കിങ്ങിൽ ചരിത്രനേട്ടവുമായി ബുംറ

ദുബായ്: പുതുവർഷത്തിൽ ചരിത്രനേട്ടവുമായി ഇന്ത്യൻ പേസർ ജസ്പ്രീത് ബുംറ. ഐസിസി റാങ്കിങ്ങിൽ ഏറ്റവും ഉയർന്ന റേറ്റിങ് പോയിന്റ് നേടുന്ന ഇന്ത്യൻ ബൗളറെന്ന നേട്ടമാണ് പുതുവർഷാരംഭദിനത്തിൽ ബുംറ സ്വന്തം പേരിൽ എഴുതിയത്. 907 റേറ്റിങ് പോയിന്റാണ് ബുംറ നേടിയത്. ബോർഡർ-ഗാവസ്കർ ട്രോഫിയിലെ തകർപ്പൻ പ്രകടനമാണ് ബുംറയുടെ പോയിന്റ് ഉയർത്തിയത്.

നാലു മത്സരങ്ങളിൽ നിന്ന് 30 വിക്കറ്റ് നേടിയ ബുംറ പരമ്പരയിലെ മികച്ച ബൗളറാണ്. 904 പോയിന്റ് കരസ്ഥമാക്കിയ രവിചന്ദ്രൻ അശ്വിനെയാണ് 907 റേറ്റിങ് പോയിന്റ് നേടി ബുംറ മറികടന്നത്. റേറ്റിങ് പോയിന്റുകളുടെ റെക്കോഡിൽ ഇംഗ്ലണ്ട് താരം ഡെറക് അണ്ടർവുഡിനൊപ്പം 17-ാം സ്ഥാനത്താണ് ബുംറ.

ബൗളിങ്ങിൽ രണ്ടാമത് ഓസ്ട്രേലിയൻ താരം ജോഷ് ഹെയ്സൽ വുഡ് ആണ്. ഓസിസ് ബൗളർ പാറ്റ് കമ്മിൻസ് ബൗളിങ്ങിൽ സ്ഥാനം മെച്ചപ്പെടുത്തി. പട്ടികയിൽ മൂന്നാം സ്ഥാനത്താണ് കമ്മിൻസ്. ഓൾ റൗണ്ടർമാരിൽ മൂന്നാം സ്ഥാനത്തേക്ക് ഉയരാനും കമ്മിൻസിന് കഴിഞ്ഞു. ദക്ഷിണാഫ്രിക്കൻ താരം ജാൻസൻ റേറ്റിങ്ങിൽ 800 പോയിന്റ് നേടി. ഇതാദ്യമായണ് ജാൻസൺ റേറ്റിങ് പോയിന്റ് 800ലെത്തുന്നത്. ആദ്യപത്തിൽ ഇന്ത്യൻ താരം രവീന്ദ്ര ജഡേജയുമുണ്ട്.

ബാറ്റിങ്ങിൽ 895 റേറ്റിങ് പോയിന്റുമായി ഇംഗ്ലണ്ട് താരം ജോ റൂട്ടാണ് പട്ടികയിൽ ഒന്നാമത്. രണ്ടാമത് ഹാരി ബ്രൂക്കും മൂന്നാമ്ത് കെയ്ൻ വില്യംസനുമാണ്. ടീമുകളിൽ സൗത്ത് ആഫ്രിക്കയാണ് ഒന്നാമത്. രണ്ടാം സ്ഥാനത്ത് ഓസ്ട്രേലിയയും മൂന്നാമത് ഇന്ത്യയുമാണ്.

മാലദ്വീപ് വലയിൽ അടിച്ചുകൂട്ടിയത് 14 ഗോളുകൾ!; വർഷാന്ത്യം ആഘോഷമാക്കി ഇന്ത്യൻ വനിതകൾ

ബെംഗളൂരു: 2024ലെ തങ്ങളുടെ അവസാന മത്സരം അവിസ്മരണീയമാക്കി ഇന്ത്യൻ വനിതകൾ. തിങ്കളാഴ്ച ബെംഗളൂരുവിലെ പദുകോൺ-ദ്രാവിഡ് സെന്റർ ഫോർ സ്?പോർട്സ് എക്സലൻസിൽ നടന്ന സൗഹൃദമത്സരത്തിൽ മാലദ്വീപിനെ എതിരില്ലാത്ത 14 ഗോളുകൾക്കാണ് ഇന്ത്യ തകർത്തത്.

ഇന്ത്യക്കായി ലിൻഡ കോംസെർത്തോ നാലുഗോളുകളും പ്യാരി ചാച്ച ഹാട്രിക്കും നേടി.6, 7, 11,14, 15, 21, 28, 45, 51, 52, 54, 59, 62, 66 മിനിറ്റുകളിലാണ് ഇന്ത്യൻ ഗോളുകൾ പിറന്നത്.

പുതിയ കോച്ച് യോക്കിം അലക്സാണ്ടർസിന്റെ കീഴിൽ പന്തുതട്ടാനിറങ്ങിയ ഇന്ത്യക്ക് ആത്മവി?ശ്വാസം നൽകുന്നതാണ് ഈ വിജയം. തേനീച്ചകളുടെ ആക്രമണം കാരണം മത്സരം ഇടക്കുവെച്ച് നിർത്തിവെക്കുന്ന അപൂർവ സംഭവത്തിനും സ്റ്റേഡിയം സാക്ഷിയായി.ഇന്ത്യൻ വനിതകളുടെ ഏറ്റവും വലിയ വിജയങ്ങളിലൊന്നാണിത്. 2010ലെ സാഫ് കപ്പിൽ ഇന്ത്യ ഭൂട്ടാനെ എതിരില്ലാത്ത 18 ഗോളിന് തകർത്തിരുന്നു. ഈ വർഷം ഒക്ടോബറിൽ നടന്ന സാഫ് കപ്പിൽ ബംഗ്ലാദേശിനോടും നേപ്പാളിനോടും തോറ്റ ഇന്ത്യൻ വനിതകൾക്ക് ആശ്വാസമേകുന്നതാണ് ഈ വിജയം. മാലദ്വീപുമായുള്ള രണ്ടാം സൗഹൃദമത്സരം ജനുവരി രണ്ടിന് ഇതേ സ്റ്റേഡിയത്തിൽ അരങ്ങേറും. ഫിഫ വനിത റാങ്കിങ്ങിൽ ഇന്ത്യ 69ാം സ്ഥാനത്തും മാലദ്വീപ് 163ാം സ്ഥാനത്തുമാണ്.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.